

TUESDAY 25-04-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/04/2023.

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇന്നു മുതൽ 29 വരെ (ഈ മാസം 25 മുതൽ 29 വരെ) നടക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. കർഷകർക്ക് ബാങ്ക് വായ്പാർഹമായ തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഡി പി ആർ ക്ലിനിക്കും കർഷകർക്ക് വിപണന സാധ്യതകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി ബി2ബി മീറ്റും കൃഷിദർശനിലൂടെ സാധിക്കും.

2. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ 2023 മേയ് 13 മുതൽ 21 വരെ നടത്തുന്ന കാർഷിക വിപണന മേളയായ കരപ്പുറം കാഴ്ചയുടെ നടത്തിപ്പിന്റെ പ്രചാരണാർത്ഥം അനുയോജ്യമായ ലോഗോകൾ തയ്യാറാക്കി സമർപ്പിക്കാം. കരപ്പുറത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി തയ്യാറാക്കുന്ന വികസന രേഖയായ വിഷൻ 2026നും കരപ്പുറം കാഴ്ചക്കുമായി അനുയോജ്യമായ ലോഗോകൾ പൊതുജനങ്ങൾക്ക് തയ്യാറാക്കി 2023 ഏപ്രിൽ 30ന് മുൻപായി സമർപ്പിക്കാവുന്നതാണ്. ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ ഉള്ള കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസിൽ നേരിട്ടോ adacherthala@gmail.com, mediadivisionfib@gmail.com എന്ന ഈ-മെയിലിലോ ലോഗോകൾ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ലോഗോയ്ക്ക് സമ്മാനം ലഭിക്കും.

3. കൃഷിവകുപ്പിന്റെ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ നാടൻ (WCT), സങ്കരയിനം (TxD) തെങ്ങിൻതൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വിൽപ്പന ആരംഭിച്ചു. ആവശ്യക്കാർ തെങ്ങിൻ തൈ ഉത്പാദന കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടണമെന്ന് കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

4. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഏപ്രിൽ 24 തിങ്കൾ മുതൽ ഏപ്രിൽ 29 ശനി വരെയുള്ള ദിവസങ്ങളിൽ പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 27-ന് (ഏപിൽ 27) **ശുദ്ധമായ പാൽ ഉൽപാദനം** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.. താല്പര്യമുള്ളവർ ഈ മാസം 26 - ന് 5 മണിക്ക് മുൻപായി ക്ഷീര പരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ് പട്ടത്ത് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ നേരിട്ടോ **0471 240911** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക്: https://meet.google.com/qjm-omxm-ygn.

**പരിശീലന പരിപാടി**

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.) എസ്.സി./എസ്.ടി. വിഭാഗത്തിൽപെട്ടവർക്കായി റബ്ബറുത്പന്നനിർമ്മാണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് വെച്ച് നടത്തുന്നു. മൂന്നുമാസം നീണ്ടുനിൽക്കുന്ന കോഴ്സ് ഏപ്രിൽ 26 -ന് ആരംഭിക്കും. കോഴ്സ് പഠനം സൗജന്യമായിരിക്കും.റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപെട്ട 12-ാം ക്ലാസ് സയൻസ്, ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം മണിക്ക് 4 ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം